## പതിമൂന്നാം കേരള നിയമസഭ

### പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *247 11.12.2014-ൽ മറുപടിയ്ക്ക്

### ഇ-ടെണ്ടറിംഗ് സംവിധാനം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ.മുരളീധരൻ**<br>**,, ഡൊമിനിക് പ്രസന്റേഷൻ**<br>**,, വി.പി. സജീന്ദ്രൻ**<br>**,, എം.എ.വാഹീദ്** | **ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്**<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) പൊതുമരാമത്ത് വകുപ്പിൽ ഇ-ടെണ്ടറിംഗ് സംവിധാനം നടപ്പാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) ഉണ്ട്. കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെ ധനസഹായത്തോടെയുള്ള നാഷണൽ ഇ-ഗവേർണൻസ് പ്രോഗ്രാമിന്റെ (NeGP) ഭാഗമായി 2011 ഡിസംബർ മുതൽ പൊതുമരാമത്ത് വകുപ്പിൽ ഇ-ടെണ്ടറിംഗ് ആരംഭിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് ജി.ഒ.(പി) നം.72/2011/പൊ.മ.വ. തീയതി 03.12.2011 പ്രകാരം ഡിസംബർ 7 മുതൽ പരീക്ഷണാടിസ്ഥാനത്തിൽ റോഡ്സ് & ബ്രിഡ്ജസ് സൗത്ത് സർക്കിൾ ഓഫീസിൽ പ്രീ-ക്വാളിഫിക്കേഷൻ പ്രവൃത്തികൾക്ക് ഇ-ടെണ്ടറിംഗ് സമ്പ്രദായം ആരംഭിച്ചു. തുടർന്ന് 04.02.2012 മുതൽ പൊതുമരാമത്ത് വകുപ്പിലെ എല്ലാ സർക്കിൾ ഓഫീസുകളിലെയും, 2 കോടി രൂപയും അതിനുമുകളിൽ വരുന്ന പ്രീ-ക്വാളിഫിക്കേഷൻ പ്രവൃത്തികൾക്ക് ഇ-ടെണ്ടറിംഗ് ബാധകമാക്കി, എന്നാൽ 01.02.2012-ലെ ജി.ഒ.(പി) നം. 13/2012/പൊ.മ.വ പ്രകാരം പൊതുമരാമത്ത് വകുപ്പ് മാന്വൽ പരിഷ്കരിച്ചപ്പോൾ പ്രീ-ക്വാളിഫിക്കേഷൻ പ്രവൃത്തികളുടെ അടങ്കൽ തുകയുടെ പരിധി 5 കോടി രൂപയായി വർദ്ധിപ്പിക്കുകയുണ്ടായി. ഇപ്പോൾ പൊതുമരാമത്ത് വകുപ്പ് സർക്കിൾ ഓഫീസുകളിൽ 5 കോടി രൂപയ്ക്കു മുകളിൽ അടങ്കൽ തുകയുള്ള പ്രവൃത്തികൾക്കാണ് ഇ-ടെണ്ടറിംഗ് നടത്തുന്നത്. എക്സിക്യൂട്ടീവ് എഞ്ചിനീയർ തലത്തിൽ (25 ലക്ഷത്തിനു മുകളിൽ) വിളിക്കുന്ന എല്ലാ ടെണ്ടറുകൾക്കും ഇ-ടെണ്ടറിംഗ് നടപ്പിലാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത സംവിധാനം വഴി നേടാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകാമോ ; | (ബി) | പൊതുമരാമത്ത് വകുപ്പിലെ ടെണ്ടറിംഗ് നടപടികൾ കൂടുതൽ കാര്യക്ഷമതയോടെ വേഗത്തിൽ പൂർത്തിയാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഇ-ടെണ്ടറിംഗ് സംവിധാനം നടപ്പിലാക്കിയത്. കോൺട്രാക്ടർമാർക്ക് പൊതുമരാമത്ത് ഓഫീസുകളിൽ നേരിട്ട് ഹാജരാകാതെ തന്നെ വെബ്സൈറ്റിൽ നിന്നും ടെണ്ടർ documents വായിക്കാനും ടെണ്ടറിൽ പങ്കെടുക്കുവാനും, രഹസ്യ സ്വഭാവം പാലിക്കുന്നതിനും സാധിക്കും. |
| (സി) | എന്തെല്ലാം സൗകര്യങ്ങളാണ് ഈ സംവിധാനം വഴി ലഭ്യമാക്കുന്നതെന്ന് വിശദമാക്കുമോ ; | (സി) | കോൺട്രാക്ടർമാർക്ക് പൊതുമരാമത്ത് ഓഫീസുകളിൽ നേരിട്ട് ഹാജരാകാതെ തന്നെ വെബ്സൈറ്റിൽ നിന്നും ടെണ്ടർ documents വായിക്കാനും ടെണ്ടറിൽ പങ്കെടുക്കുവാനും സാധിക്കും. ടെണ്ടറിൽ പങ്കെടുത്ത വ്യക്തികളുടെ വിവരങ്ങൾ ടെണ്ടർ തുറക്കുന്ന സമയം വരെ മറ്റുള്ളവർക്ക് അറിയുവാൻ സാധിക്കില്ല. ആയതിനാൽ ടെണ്ടറുകളിൽ കൂടുതൽ മത്സരക്ഷമത ഉറപ്പുവരുത്തുന്നു. ടെണ്ടർ നടപടികളുടെ വിശദാംശങ്ങൾ വെബ്സൈറ്റിൽ സ്റ്റോർ ചെയ്യുകയും പൊതുജനങ്ങൾക്ക് ലഭ്യമാകുകയും ചെയ്യും. ടെണ്ടർ നടപടികൾ കൂടുതൽ സുതാര്യമായി വളരെ വേഗത്തിൽ പൂർത്തിയാക്കുവാനും കഴിയും. |
| (ഡി) | ഈ സംവിധാനത്തിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് സഹകരിക്കുന്നത് ആരൊക്കെയാണെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ? | (ഡി) | കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെ ധനസഹായത്തോടെയുള്ള നാഷണൽ ഇ-ഗവേർണൻസ് പ്രോഗ്രാമിന്റെ (NeGP) ഭാഗമായാണ് കേരളത്തിലെ വിവിധ സർക്കാർ വകുപ്പുകളിൽ ഇ-ടെണ്ടറിംഗ് സംവിധാനം നടപ്പിലാക്കിയത്. എൻ.ഐ.സി വികസിപ്പിച്ച GEPNIC എന്ന സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ് കേരളത്തിൽ ഈ പദ്ധതി നടപ്പിലാക്കുന്നത്. കേരളത്തിൽ ഈ പദ്ധതിയുടെ ഏകോപനം നിർവ്വഹിക്കുന്നത് ഐ.ടി.മിഷൻ ആണ്. ഇതിനുവേണ്ട സാങ്കേതിക സഹായം (payment gateway) നൽകുന്നത് എസ്.ബി.ടി.യാണ്. സംസ്ഥാന ട്രഷറി വകുപ്പും ധനവകുപ്പും ഐ.ടി.വകുപ്പും ചേർന്നാണ് ഈ സംവിധാനത്തിന്റെ ഏകോപനം നിർവ്വഹിക്കുന്നത്. |

സെക്ഷൻ ഓഫീസർ